C-AVZ-O-NMLB

# MALAYALAM

## Paper II

CS (Main) Exam:2015

( LITERATURE )

| Time Allowed : Three Hours | Maximum Marks : 250 |
| --- | --- |

UPI Unique Pub International

### QUESTION PAPER SPECIFIC INSTRUCTIONS

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** from each section.*

*The number of marks carried by a question / part is indicated against it.*

UPIQPBANK.COM

*Answers must be written in **MALAYALAM**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

## SECTION A

**Q1.** **സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത്:** *10×5=50*

(a) ചൊന്ന വസിഷ്ഠനിയോഗത്താലേ ശോഭനമാകിയ സരയൂതീരേ,
മുന്നൽ മഹാ ഹയമേധമിയറ്റി മുനിപ്രവരൻ ക്രിയചെയ്‌വതുകാലം
ഭിന്നാചാരമനത്തു ജഗത്തും പീഡിതമായിതു രാവണനാലേ;
എന്നേ കഷ്ടമിതിനെന്തൊരുഗതിയെന്നമരകളയനോടരുൾ ചെയ്താർ. *10*

(b) അതിവിസ്തൃതകാലദേശജസ്ഥിതിയാൽ നീതി വിഭിന്നമാകിലും
ക്ഷിതിനാഥ ! പരാർത്ഥ ജീവികൾക്കെതിരില്ലാത്ത നിദർശനം ഭവാൻ. *10*

(c) മമ മനസി നിയതമഭിലഷിതമിതു മാധവാ !
മറ്റെന്തു പിന്നെ വരേണ്ടതെനിക്കഹോ ! *10*

(d) ഇടമില്ലാകാശത്തു രണ്ടു തിങ്കളിന്നെന്നും;
കുടിവിട്ടവൻ പോയി 'നാനി' കണ്ണീരായ് നില്ക്കേ
ഉമിനീറുംപോൽ നീറിയെന്മനം; – എന്നാലും
ഞാനുരിയാടിയില്ലൊറ്റയക്ഷരം പിരിയുമ്പോൾ. *10*

(e) നിന്നിൽ കുരുക്കുന്ന കറുകയുടെ നിറുകയിലെ
മഞ്ഞുനീർത്തുള്ളിയിൽപ്പോലും
ഒരു കുഞ്ഞുസൂര്യനുണ്ടതുകണ്ടുദിച്ചിതെൻ
കരളിലൊരു വിസ്മയ വിഭാതം ! *10*

**Q2.** (a) രാമചരിതം ഉൾപ്പെടുന്ന പാട്ടു സാഹിത്യശാഖയ്ക്ക് തമിഴ്ക്കവിതാ പാരമ്പര്യമാണുള്ളത്. ഈ വാദം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ ? *20*

(b) മണിപ്രവാളസന്ദേശ കാവ്യങ്ങൾക്കു സാഹിതീയമൂല്യത്തിനു് ഉപരിയായി മറ്റു ചില പ്രാധാന്യവും ഉണ്ടു്. 'ഉണ്ണുനീലിസന്ദേശം' പ്രമാണമാക്കി ഇതു വ്യക്തമാക്കുക. *15*

(c) ഭാഷാപ്രയോഗത്തിലും സാഹിത്യ ദർശനത്തിലും അസാമാന്യമായ മികവു പ്രകടിപ്പിക്കാൻ എഴുത്തച്ഛനു് കഴിഞ്ഞു. 'ഭീഷ്മപർവ്വ'ത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക. *15*

UPIQPBANK.COM

**Q3.** (a) 'അനിയന്ത്രിതമായ്ച്ചിലപ്പോഴീ
മനമോടാത്ത കുമാർഗ്ഗമില്ലെടോ.'
ഈ പ്രസ്താവം സീതയുടെ ചിന്തകളെ ന്യായീകരിക്കുന്നുണ്ടോ ? *20*

(b) വിപ്ലവത്തിന്റെ നിർമ്മാണപരവും വിധ്വംസനപരവുമായ വശങ്ങൾ 'കുടിയൊഴിക്കൽ' എന്ന കാവ്യത്തിലൂടെ അനുഭവിച്ചറിയാൻ കഴിയുന്നുണ്ടു്. വിശദീകരിക്കുക. *15*

(c) 'തീവണ്ടിയിലെ പാട്ട്' എന്ന കവിതയിൽ പ്രകടമാകുന്ന എൻ.വി. കൃഷ്ണവാരിയരുടെ കവിതയുടെ സാമാന്യധർമ്മങ്ങൾ ഏതൊക്കെയാണ് ? *15*

**Q4.** (a) രൂപഭാവതലങ്ങളുടെ കാര്യത്തിൽ മലയാളകവിതയ്ക്കു പുതിയൊരു ഭാഷയും ഭാവുകത്വവും നല്കുന്നതാണു് 'കുരുക്ഷേത്രം'. വിശദീകരിക്കുക. *20*

(b) പുതുമയെ കൈക്കൊള്ളുമ്പോഴും പാരമ്പര്യത്തെയും വിശ്വാസങ്ങളെയും വിസ്മരിക്കാൻ കഴിയാത്ത കഥാപാത്രമാണു് 'പണ്ടത്തെ മേശാന്തി'യിലെ തുപ്പൻ. ചർച്ചചെയ്യുക. *15*

(c) 'മേഘരൂപ'നിലെ കഥാപാത്രം ഒരു വ്യക്തിയല്ല ഏതു മലയാളിയുമാകാം. 'ഏതോ വളകിലുക്കം കേട്ടലയും ഭ്രഷ്ടകാമുകൻ' എന്ന കാവ്യഭാഗം ഈ അഭിപ്രായത്തെ സാധൂകരിക്കുന്നുണ്ടോ എന്നു ചിന്തിക്കുക. *15*

UPIQPBANK.COM

## SECTION B

**Q5.** **താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റിയമ്പതു വാക്കിൽ കവിയരുത്:** *10×5=50*

(a) 'ഇന്ദുലേഖ' എന്ന നോവലിൽ അന്തർദ്ധാരയായി വർത്തിക്കുന്നത് സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനമാണ്. ചർച്ചചെയ്യുക. *10*

(b) 'ചെമ്മീൻ' ഒരു അനശ്വര പ്രേമകഥ മാത്രമാണെന്നു കരുതാമോ ? യുക്തിപൂർവ്വം നിരൂപിക്കുക. *10*

(c) മലയാളചെറുകഥ ഘടനാപരമായ ഭദ്രത കൈവരിക്കുന്നത് എം.ടി. യുടെ കഥകളിലാണ്. 'ചെറിയ, ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയെ ആസ്പദമാക്കി പരിശോധിക്കുക. *10*

(d) 'പണ്ടത്തെ രാജാധിപത്യകാലത്തെ വടംവലികൾ തന്നെ ഈ പ്രജാധിപത്യകാലത്തും ആവർത്തിക്കുന്നു' എന്ന് മാരാർ നിരീക്ഷിക്കുന്നു. ഇതു് എത്രത്തോളം യുക്തിഭദ്രമാണ് ? *10*

(e) എഴുതുന്നയാളിന്റെ വികാരങ്ങളുടെയും അനുഭൂതികളുടെയും സത്യസന്ധമായ ആവിഷ്കാരമാണ് ആത്മകഥ. 'വളർന്നുവരുന്ന ഒരാത്മാവ് ' എന്ന ഭാഗം അടിസ്ഥാനപ്പെടുത്തി പരിശോധിക്കുക. *10*

**Q6.** (a) സാമൂഹിക യാഥാർത്ഥ്യങ്ങളെക്കാൾ ഭാവനാത്മകമായ കാല്പനിക ഭംഗിക്കാണ് 'ചെമ്മീൻ' എന്ന നോവലിൽ മുൻതൂക്കമുള്ളത്. ചർച്ചചെയ്യുക. *20*

UPIQPBANK.COM

(b) വിഷയവൈവിധ്യവും ആഖ്യാന ചാതുരിയുമാണ് എൻ.എസ്. മാധവന്റെ കഥകളുടെ സവിശേഷത. 'ഹിഗ്വിറ്റ' എന്ന കഥാസമാഹാരത്തെ ആസ്പദമാക്കി പരിശോധിക്കുക. *15*

(c) 'വ്യാസന്റെ ചിരി'യിൽ മാരാരുടെ ഹാസ്യ സാഹിത്യ സങ്കല്പം അടങ്ങിയിട്ടുണ്ട്. വ്യക്തമാക്കുക. *15*

**Q7.** (a) ആക്ഷേപഹാസ്യം വളരെ ഫലപ്രദമായി ഉപയോഗിച്ച നാടകങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്നു '1128-ൽ ക്രൈം 27'. പരിശോധിക്കുക. *20*

(b) ചങ്ങമ്പുഴയുടെ വ്യക്തിജീവിതവും കാവ്യജീവിതവും 'ചങ്ങമ്പുഴ കൃഷ്ണപിള്ള : നക്ഷത്രങ്ങളുടെ സ്നേഹ ഭാജനം' എന്ന കൃതിയിൽ എങ്ങനെ സമന്വയിപ്പിച്ചിരിക്കുന്നു ? *15*

(c) 'ഒരു രഹസ്യം സൂക്ഷിക്കാൻ കിട്ടിയതിൽ ആഹ്ലാദം.' വാനപ്രസ്ഥം എന്ന കഥയിലെ ആ രഹസ്യം എന്തായിരുന്നു ? *15*

**Q8.** (a) മലയാളനോവലിൽ 'ഖസാക്കിന്റെ ഇതിഹാസം' ഒരു അനന്വയമാണ്. ഇതിവൃത്തം, പ്രതിപാദനം, ഭാഷ ഇവയെ അടിസ്ഥാനപ്പെടുത്തി ചർച്ചചെയ്യുക. *20*

(b) ആത്മപ്രശംസ കൂടാതെ ഒരാൾക്കു് അവനവനെക്കുറിച്ചു് അധികനേരം സംസാരിക്കാനാവില്ല. ഇതിന്നൊരപവാദമാണു് 'കണ്ണീരും കിനാവും'. ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ടോ ? *15*

(c) സാഹിത്യത്തിലൂടെയുള്ള സാമൂഹിക പരിഷ്കരണം എന്ന ലക്ഷ്യം 'ഇന്ദുലേഖ'യുടെ രചനയ്ക്കു പിന്നിൽ ഉണ്ടായിരുന്നുവോ ? പരിശോധിക്കുക. *15*

UPIQPBANK.COM